# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2364 — 08/7/2015 -ൽ മറുപടിക്ക്

# അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.സുധാകരൻ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ആലപ്പുഴ മുനിസിപ്പാലിറ്റി, പുന്നപ്ര തെക്ക്, അമ്പലപ്പുഴ തെക്ക്, പുറക്കാട് എന്നിവിടങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ആലപ്പുഴ മുനിസിപ്പാലിറ്റി, പുന്നപ്ര തെക്ക്, അമ്പലപ്പുഴ തെക്ക്, പുറക്കാട് എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി പൈപ്പ് ലൈൻ ദീർഘിപ്പിച്ചും കുഴൽ കിണറുകളിൽ പുതിയ പമ്പ് സെറ്റ് സ്ഥാപിച്ചും അറ്റകുറ്റപണികൾ നടത്തിയും പുതിയ കുഴൽകിണറുകൾ, ചെറുകിട കുടി വെള്ള പദ്ധതികൾ എന്നിവ നടപ്പിലാ ക്കിയും കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നുണ്ട്. ടി പ്രദേശങ്ങളിലെ കുടിവെള്ള ദൗർലഭ്യം ശാശ്വതമായി പരിഹരിക്കുന്ന തിന് UIDSSMT പദ്ധതിയിൽപ്പെടുത്തി ഒരു സമഗ്ര കുടിവെള്ള പദ്ധതി രൂപകല്പന ചെയ്ത് നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (ബി) അമ്പലപ്പുഴ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് എത്ര കുഴൽ കിണറുകളാണ് നിർമ്മിച്ചിട്ടുള്ളത്; അവയിൽ പ്രവർത്തനക്ഷമമായത് എത്ര; കേടായവ എത്ര; വ്യക്തമാക്കാമോ; | (ബി) കുഴൽ കിണറുകളുടെ ആകെ എണ്ണം - 58<br>പ്രവർത്തനക്ഷമമായത് - 41<br>പ്രവർത്തനരഹിതമായത് - 17 |
| (സി) കേടായവ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) വരൾച്ചാദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി കപ്പക്കട, ആലപ്പുഴ ബീച്ച്, ചുട്ടുകാട്, പനയംകുളങ്ങര എന്നീ സ്ഥലങ്ങളിലെ കേടായ കുഴൽ കിണറുകൾക്ക് പകരം |

പുതിയ കുഴൽകിണറുകൾ നിർമ്മിക്കാൻ അനുമതിയായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി ഭൂജല വകുപ്പിനെ ചുമതലപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ കറുകത്തറയിൽ സ്ഥാപിച്ചിട്ടുള്ള പുതിയ കുഴൽ കിണർ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

JSK/